ORAL ANSWERS.

ഹൈസ്കൂളുകളുടെ എണ്ണം.

* 374. [1] ശ്രീ. എൻ. നീലകണ്ഠ പണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ–കൊച്ചിയിലിപ്പോൾ ആകെ എത്ര ഹൈസ്കൂളുകളുണ്ട്; അവയിൽ ഡിപ്പാർട്ട്മെൻറൽ സ്കൂളുകളെത്ര; പ്രൈവറ്റ് സ്കൂളുകളെത്ര;

(ബി) ഇക്കൊല്ലം പുതുതായി അനുവദിച്ച ഗവണ്മെൻറ് സ്കൂളുകളെത്ര; പിരപ്പൻകോട് ഹൈസ്കൂൾ (നെടുമങ്ങാട് താലൂക്ക്) ഇന്ന് നടത്തിവരുന്നത് ഡിപ്പാർട്ട്മെൻറൽസ്കൂളായിട്ടാണോ, അതോ പ്രൈവറ്റ് മാനേജ്മെൻറ് സ്കൂളായിട്ടാണോ;

(സി) ഈ സ്കൂൾ, മാനേജ്മെൻറിനു തിരിയെ നൽകുന്നതിന് ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) തിരുവിതാംകൂർ–കൊച്ചിയിൽ ഇപ്പോൾ ആകെ 613 ഹൈസ്കൂളുകളുണ്ട്. അവയിൽ ഡിപ്പാർട്ട്മെൻറ് നടത്തുന്നത് 129, പ്രൈവറ്റ് മാനേജ്മെൻറ് നടത്തുന്നത് 484.

(ബി) ഇക്കൊല്ലം 15 ഗവണ്മെൻറ് സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്. പിരപ്പൻകോട് ഹൈസ്കൂൾ ഡിപ്പാർട്ട്മെൻറിൻറെ മാനേജ്മെൻറിൽ നടത്തുന്നു.

(സി) ഈ സ്കൂൾ, മാനേജ്മെൻറിനു തിരിച്ചു നൽകുന്നകാര്യം ഗവണ്മെൻറുദ്ദേശിക്കുന്നില്ല. ഈ സ്കൂളിൻറെ കാര്യത്തിൽ തിരുവനന്തപുരം ഹൈക്കോടതിയിൽ ഫയൽചെയ്തിട്ടുള്ള കേസ്സിൻറെ തീരുമാനം കഴിഞ്ഞശേഷമേ അവസാനമായി തീരുമാനിക്കാൻ നിവൃത്തിയുള്ളൂ.

ശ്രീ. എൻ. നീലകണ്ഠ പണ്ടാരത്തിൽ: ഈ സ്കൂൾ ഏറ്റെടുത്തിട്ട് എത്ര കാലമായി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറ് ഏറ്റെടുക്കുകയല്ല ചെയ്തത്. ആ സ്കൂളിലെ സ്റ്റാഫ് 1952–53 വർഷത്തിൽ ഒരു സ്ട്രൈക്ക് നടത്തിയതിനുശേഷം സ്കൂൾ നടത്താൻ മാനേജ്മെൻറുചെയ്ത ശ്രമങ്ങൾ പരാജയപ്പെട്ടു. ശ്രീ. കെ. എൻ. പണ്ടാരത്തിൽ ആയിരുന്ന മാനേജർ. അദ്ദേഹം സ്കൂൾ സർക്കാരിലേയ്ക്ക് സറണ്ടർ ചെയ്യാൻ അപേക്ഷിച്ചു. ഗവണ്മെൻറ് ആ അപേക്ഷ സ്വീകരിക്കുകയും സ്കൂൾ ഡിപ്പാർട്ട്മെൻറ് ഏറ്റെടുക്കുകയുംചെയ്തു. ഇപ്പോൾ അക്വിസിഷൻ പൂർത്തിയാക്കുന്നതിന് നടപടി നടത്തിവരികയാണ്. ശ്രീ. പണ്ടാരത്തിൽ 1955–ൽ 27-ാംനമ്പരായി ഹൈക്കോടതിയിൽ ഒരു ഒ. പി. കൊടുത്തു. ആ സ്കൂൾ വീണ്ടും കിട്ടണമെന്നാണ് ഒ. പി. കൊടുത്തിരിക്കുന്നത്. അതിൻറെ തീരുമാനം ഒന്നും ആയിട്ടില്ല.

ശ്രീ. എൻ. നീലകണ്ഠ പണ്ടാരത്തിൽ: അദ്ധ്യാപകന്മാരുടെ സ്ട്രൈക്ക് നടത്തിയതിനുശേഷം നാട്ടുകാർ 15,000 രൂപ പിരിച്ച് അടച്ചിട്ടുള്ളതായി അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ. സ്കൂൾ ആവശ്യത്തിന് നാട്ടുകാർ 15,000 രൂപ പിരിച്ചുടച്ചു. സർക്കാരിന് 16,000 രൂപ ചെലവായി. ബാക്കി സംഖ്യ സർക്കാർ ഈടാക്കുന്നതിന് തീരുമാനിച്ച പ്പോഴാണ് ഹൈക്കോടതിയിൽ റിട്ട് കൊടുത്തത്.

ശ്രീ. എൻ. നീലകണ്ഠപണ്ടാരത്തിൽ: ഗവണ്മെൻറിൽനിന്നും ഇരുപതുശതമാനം ആദായം കിട്ടണമെന്നുകാണിച്ച് മാനേജുമെൻറ് അവകാശവാദം പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സറണ്ടർചെയ്ത സ്കൂളിനെ സംബന്ധിച്ചിടത്തോളം അങ്ങനെയൊരു അവകാശവാദത്തിന് ന്യായമില്ല.

ലോഹമണൽ ഗവേഷണവും സർവ്വേയും.

* 375. [2] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോഹമണൽ സംബന്ധമായി ഈ ഗവണ്മെൻറ് നടത്തിവന്നിരുന്ന ഗവേഷണവും സർവ്വേയും പൂർത്തിയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ നടത്തിവന്നിരുന്ന ഗവേഷണങ്ങളും സർവ്വേയുമാണ് പൂർത്തിയാക്കിയിട്ടുള്ളത്;

(സി) തിരുവനന്തപുരം താലൂക്കിൽ ആറാറിപ്ര പകുതിയിൽ നടത്തിവന്നിരുന്ന സർവ്വേയും ഗവേഷണവും പൂർത്തിയായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ, ഗവേഷണഫലം എന്താണെന്നു വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ലോഹമണൽ സംബന്ധമായി ഈ ഗവണ്മെൻറ് നടത്തിവന്നിരുന്ന ഗവേഷണവും സർവ്വേയും പൂർത്തിയായിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഒരു പ്രാരംഭസർവ്വേ കഴിഞ്ഞു.

(ഡി) ലോഹമണൽ വ്യാവസായികമായി ഉപയോഗപ്പെടുത്താമോ എന്നു അന്വേഷണം നടത്തുന്നതിനു കേന്ദ്രത്തോടു് ആവശ്യപ്പെട്ടിരിക്കുകയാണു്. അറാമിക് എനർജി ഡിപ്പാർട്ട്മെൻറിൽനിന്നും നേരിട്ട അഭിപ്രായം അറിഞ്ഞതിനുശേഷമേ നിശ്ചിതമായ ഗവേഷണഫലം അറിയാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. ആർ. മാധവൻപിള്ള: ലോഹമണൽ തിരുവിതാംകൂർ-കൊച്ചിയിൽ എവിടെയെല്ലാം ഉണ്ടെന്നു പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ജീയോളജിക്കൽ ഡിപ്പാർട്ടുമെൻറിനെ ആ ചുമതല ഏൽപ്പിച്ചിരിക്കുകയാണു്.

ശ്രീ. സി. എ. മാത്യു: ലോഹമണൽ കയറ്റി അയയ്ക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇൽമനൈറ് കയറ്റി അയയ്ക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly